ഭരണ ഭാഷ-മാതൃഭാഷ

ICDS/B6-5534/2020

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 27/03/2020
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

വനിതാ ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

മാഡം,

വിഷയം:-വനിതാ ശിശു വികസന വകുപ്പ്-കൊറോണ വൈറസ് ബാധ-ദുരന്ത നിവാരണം-THR വിതരണം-ബുദ്ധിമുട്ട് നേരിടുന്നത്-സംബന്ധിച്ച്

സൂചന:- 1. വനിതാ ശിശു വികസന ഡയറക്ടറുടെ 27/03/2020 ലെ നിർദ്ദേശം

ICDS ഗുണഭോക്താക്കൾക്ക് THR വിതരണത്തിനുള്ള ഭക്ഷണ സാമഗ്രികൾ എത്തിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാധനങ്ങൾ എത്തിക്കുന്നതിനായി ഉപയോഗിക്കുന്ന വാഹനത്തിൽ സൂക്ഷിക്കുന്നതിനായി CDPO/സൂപ്പർവൈസർ ഒപ്പും സീലും പതിപ്പിച്ച കത്ത് നൽകേണ്ടതാണ്. കത്തിൽ ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം.

1. വാഹന നമ്പർ
2. ഡ്രൈവറുടെ പേര്
3. വിതരണം ചെയ്യേണ്ട സ്ഥലങ്ങൾ
4. തീയതി, സമയം

ടി കത്ത് ആവശ്യം കഴിഞ്ഞയുടൻ വാഹനത്തിൽ നിന്ന് ഏറ്റെടുത്ത് നശിപ്പിക്കേണ്ടതാണ്.

ഇത്തരത്തിൽ രേഖയുള്ള വാഹനങ്ങൾ കടത്തി വിടാൻ കോവിഡ് സ്റ്റേറ്റ് കൺട്രോൾ റൂമിൽ നിന്ന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വിശ്വസ്തതയോടെ

വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി